"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

കേരള പഞ്ചായത്ത് രാജ് ആക്ട് - ഇടുക്കി ജില്ല - ആലക്കോട് ഗ്രാമ പഞ്ചായത്ത് BRSS PLY INDUSTRIES എന്ന വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകേണ്ടതില്ലെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.473/2025/LSGD തീയതി, തിരുവനന്തപുരം, 14-02-2025

---

പരാമർശം:-

1. ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024 തീയതിയിലെ 20(1) നമ്പർ തീരുമാനം
2. ആലക്കോട് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 23.01.2025 തീയതിയിലെ 4(1) നമ്പർ തീരുമാനം
3. ആലക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2025-ലെ 400554/DGAP02/GPO/2025/336 നമ്പർ കത്ത്.

**ഉത്തരവ്**

ആലക്കോട് ഗ്രാമപഞ്ചായത്തിൽ വാർഡ് 6-ൽ വരുന്ന ആലക്കോട് വില്ലേജിലെ സർവ്വേ നമ്പർ 325/1-2, 325/4-1, 329/4-1 എന്നിവയിൽ ഉൾപ്പെട്ട 83 ആർ 45 സ്ക്വ.മീറ്റർ സ്ഥലത്ത് ശ്രീ.റിനീഷ് എം ആർ, മൂത്തേടം വീട്ടിൽ, അല്ലപ്ര പി.ഒ, എറണാകുളം, ശ്രീ.ആമിൽ റിസ്വാൻ പി എസ്, പുലവത്ത് വീട്ടിൽ, അല്ലപ്ര പി.ഒ, എറണാകുളം എന്നിവരുടെ ഉടമസ്ഥതയിൽ BRSS PLY INDUSTRIES എന്ന വ്യവസായ ആവശ്യത്തിനുള്ള സ്ഥാപനം തുടങ്ങുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം അടക്കം മതിയായ എല്ലാ രേഖകളും സഹിതം കെട്ടിടനിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തുകയും നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നുവെന്നും ഈ വിഷയം പരിശോധിച്ച 30.12.2024-ലെ പഞ്ചായത്ത് കമ്മിറ്റി യോഗം, BRSS PLY INDUSTRIES എന്ന വ്യവസായ യൂണിറ്റ് നിലവിൽ വന്നാൽ കടിവെള്ളം, വായു തുടങ്ങിയവ മലിനപ്പെടുമെന്നും പൊതുജന താൽപര്യത്തിന് എതിരാണ് സ്ഥാപനം എന്നുമുള്ള കാരണത്താൽ പ്രസ്തുത വ്യവസായ സ്ഥാപനത്തിന് നിർമ്മാണാനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായെന്നും കെട്ടിടനിർമ്മാണ പെർമിറ്റിന് ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ സമർപ്പിച്ച അപേക്ഷ ആയതിനാലും സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ നിർമ്മാണാനുമതി നൽകാവുന്നതാണ് എന്നു അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലും

നിയമപരമായി അനുമതി തടഞ്ഞു വയ്ക്കാനോ നിഷേധിക്കാനോ കഴിയുകയില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയിട്ടും കമ്മിറ്റി മുൻ നിലപാടിൽ ഉറച്ച് നിൽക്കുകയും പരാമർശം (1) പ്രകാരം ടി സ്ഥാപനത്തിന് അനുമതി നൽകേണ്ടതില്ലെന്ന ഭൂരിപക്ഷ നിലപാട് അംഗീകരിച്ച് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പ്രസ്തുത തീരുമാനം 23.01.2025-ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പുനഃപരിശോധിക്കുകയും മുൻ തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും നിയമാനുസൃതമായല്ലാതെ എടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളുടെ ചട്ടം 29(3) പ്രകാരം തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലക്കോട് ഗ്രാമ പഞ്ചായത്ത് വാർഡ് 6-ൽ BRSS PLY INDUSTRIES എന്ന വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകേണ്ടതില്ലെന്ന ആലക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.12.2024-ലെ 20(1), 23.01.2025-ലെ 4(1) എന്നീ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ്റ്റേ ചെയ്തും സെക്ഷൻ 191(2) പ്രകാരം ടി തീരുമാനങ്ങൾ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 695035 (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തുമുൾപ്പെടെ)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ് , തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി
സെക്രട്ടറി, ആലക്കോട് ഗ്രാമ പഞ്ചായത്ത്, ഇടുക്കി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 15-02-2025 11:33:48
സെക്ഷൻ ഓഫീസർ